**നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കുവാൻ അനുവാദം**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച്, സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

"ആരോഗ്യപരമായ കാരണങ്ങളാൽ 15-ാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിൽ എനിക്ക് നിയമസഭാ നടപടികളിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് അറിയിച്ചുകൊള്ളുന്നു."

പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളന കാലയളവിൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)-യ്ക്ക് സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ?

(സഭ അനുവാദം നൽകി)

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.